# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –5263 31.10.2016- ൽ മറുപടിയ്ക്ക്

## സാന്ത്വന പദ്ധതി

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) വിദേശത്ത് വച്ച് അപകടത്തിൽ പരിക്കേറ്റവർക്കും മരണപ്പെടുന്നവരുടെ അവകാശികൾക്കും 'സാന്ത്വന' പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നല്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ? | എ) വിദേശത്ത് വെച്ച് മരണപ്പെടുന്ന പ്രവാസിയുടെ അവകാശികൾക്ക് മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ ഈ പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്.<br><br>വിദേശത്ത് വെച്ച് അപകടം സംഭവിക്കുകയും എന്നാൽ നാട്ടിലെത്തി ചികിത്സ തുടരുകയും ചെയ്താൽ ഈ പദ്ധതി പ്രകാരം പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം നല്കി വരുന്നുണ്ട്.<br><br>ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>• അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 1,00,000/- രൂപയിലധികമാവാൻ പാടില്ല.<br>• കുറഞ്ഞത് 2വർഷം പ്രവാസി ആയിരുന്നിരിക്കണം.<br>• പ്രവാസി തിരിച്ചെത്തിയ കാലം മുതൽ കണക്കാക്കുമ്പോൾ വിദേശത്ത് എത്രവർഷം ജോലി ചെയ്തിരുന്നുവോ അത്രയും വർഷത്തിനകം പരമാവധി 10വർഷം |

എന്ന കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

- അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും അപേക്ഷകന് ജോലിയുണ്ടായിരിക്കുവാൻപാടില്ല.

## ആവശ്യമുള്ള രേഖകൾ

**ചികിത്സാ ധനസഹായം**

- ➢ പാസ്പോർട്ട്
- ➢ റേഷൻ കാർഡ്
- ➢ വരുമാന സർട്ടിഫിക്കറ്റ്
- ➢ മെഡിക്കൽ സർട്ടിഫിക്കറ്റ്
- ➢ മെഡിക്കൽ ബില്ലുകൾ

**മരണാനന്തര സഹായം**

- ➢ പാസ്പോർട്ട്
- ➢ റേഷൻ കാർഡ്
- ➢ വരുമാന സർട്ടിഫിക്കറ്റ്
- ➢ അപേക്ഷകന്റെ തിരിച്ചറിയൽ കാർഡ്
- ➢ മരണ സർട്ടിഫിക്കറ്റ്
- ➢ പ്രവാസിയുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ

**വിവാഹ ധനസഹായം**

- ➢ പാസ്പോർട്ട്
- ➢ റേഷൻ കാർഡ്
- ➢ വരുമാന സർട്ടിഫിക്കറ്റ്
- ➢ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- ➢ പ്രവാസിയുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖ

**www.norkaroots.net** എന്ന വെബ്സൈറ്റിൽ നിന്നും ജില്ലാ സെല്ലുകളിൽ നിന്നും അപേക്ഷാ ഫോറം ലഭിക്കുന്നതാണ്.

ആവശ്യമായ രേഖകൾ സഹിതം പൂരിപ്പിച്ച അപേക്ഷകൾ കളക്ടേറ്റുകളിൽ പ്രവർത്തിക്കുന്ന നോർക്കാ സെല്ലുകളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷകളിൻ മേൽ അതാത് റീജിയണൽ/ജില്ലാ ഓഫീസുകൾ മുഖാന്തിരം അന്വേഷണം നടത്തുകയും ആവശ്യമായ എല്ലാ അസ്സൽ രേഖകളും പരിശോധിച്ച് ആവശ്യമായ മറ്റ് രേഖകൾ അപേക്ഷകരിൽ നിന്നും ലഭ്യമാക്കി അന്വേഷണ റിപ്പോർട്ടുകൾ ഹെഡ് ഓഫീസിലേക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ഹെഡ് ഓഫീസിൽ ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയും സർക്കാർ പരിശോധിച്ച് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം വിതരണം ചെയ്യുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**